**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1599** **01-02-2024 - ൽ മറുപടിയ്ക്ക്**

**ഓഫീസുകളിൽ ഓൺലൈൻ സേവനങ്ങൾക്കും മറ്റുമുള്ള ഐ.റ്റി അധിഷ്ഠിത സാമഗ്രികളുടെ ലഭ്യത കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വിവിധ റവന്യൂ ഓഫീസുകളിൽ ജനങ്ങൾക്കുവേണ്ടിയുള്ള വിവിധ ഓൺലൈൻ സേവനങ്ങൾക്കും മറ്റും ആവശ്യമായ ഐ.റ്റി അനുബന്ധ സാമഗ്രികളായ കമ്പ്യൂട്ടർ, പ്രിന്റർ, ടോണർ, പേപ്പർ, ഇന്റർനെറ്റ് എന്നിവയുടെ ലഭ്യത കുറവ് മൂലം സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാകാത്തത് കൊണ്ട് ജനങ്ങൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർക്കാരിന്റെ പ്ലാൻ ഫണ്ട് പൂർണ്ണമായും വിനിയോഗിച്ച് വില്ലേജ് ഓഫീസുകളിൽ ഐ.ടി അനുബന്ധ സാധനങ്ങൾ വാങ്ങി നൽകിയത് കൂടാതെ എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി ഉപയോഗിച്ച് വില്ലേജ് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് പ്രത്യേക അനുമതി നൽകികൊണ്ട് 04.06.2022 തീയതിയിൽ സ.ഉ (പി) 62/2022/ധന നമ്പറായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിവിധ റവന്യൂ ഓഫീസുകളിലെ ഐ.റ്റി ഉപകരണങ്ങളുടെ അഭാവം എം.എൽ.എ മാർ തന്നെ പരിഹരിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ആവശ്യമായ സാമഗ്രികൾ സമയബന്ധിതമായി ലഭ്യമാക്കി ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ